(സി) രാജ്യത്തിന്റെ അഖണ്ഡതയ്ക്കും ദേശസുരക്ഷയ്ക്കും പരമാധികാരത്തിനും വിരുദ്ധമായ പ്രവർത്തനങ്ങളെ കാര്യക്ഷമമായി തടയുന്നതിനും ഇത്തരം പ്രവർത്തികളിൽ ഏർപ്പെടുന്ന സംഘടനകൾക്കും വ്യക്തികൾക്കുമെതിരെ നിയമനടപടികൾ സ്വീകരിക്കുകയും തദ്വാര ഭീകര പ്രവർത്തനങ്ങളുടെ പരിധിയിൽ വരുന്ന പ്രവൃത്തികൾ പ്രതിരോധിക്കുക എന്നതാണ് യു.എ.പി.എ. നിയമത്തിന്റെ പ്രധാന ഉദ്ദേശ്യം.

(ഡി) യു.എ.പി.എ. നിയമങ്ങൾ ദുരുപയോഗം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

വെള്ളാപ്പള്ളി നടേശനെതിരെയുള്ള കേസ്സിന്റെ അന്വേഷണം

312 (290) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ മതനിരപേക്ഷതയും സാഹോദര്യവും തകർക്കുന്ന നിലയിൽ, 2015 നവംബർ 29-ന് ആലുവയിൽ പ്രസംഗം നടത്തിയതിനെതിരെ വെള്ളാപ്പള്ളി നടേശനെതിരെ പോലീസ് എടുത്ത കേസിന്റെ അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ;

(ബി) വിവാദ പരാമർശങ്ങൾ, ആവർത്തിച്ച് നടത്തുക വഴി മതസ്പർധ വളർത്താൻ ബോധപൂർവ്വം ശ്രമിക്കുകയായിരുന്നു എന്ന കാര്യം പോലീസിന് ബോദ്ധ്യമായിട്ടുണ്ടോ;

(സി) ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നത്; നടേശന്റെ മുൻകൂർജാമ്യഹർജിയെ ഹൈക്കോടതിയിൽ സർക്കാർ എതിർക്കുകയുണ്ടായോ; പ്രസ്തുത കേസിൽ ഹൈക്കോടതിയിൽ സർക്കാർ നല്കിയ വിശദീകരണം എന്തായിരുന്നു?

ഉത്തരം

(എ) പ്രസ്തുത കേസ് അന്വേഷണാവസ്ഥയിലാണ്.

(ബി) ഉണ്ട്.

(സി) ശ്രീ. വെള്ളാപ്പള്ളി നടേശനെതിരെ 153(A)(a) IPC പ്രകാരമുള്ള കുറ്റം ചുമത്തിയാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ടിയാന് മുൻകൂർ ജാമ്യം നൽകുന്നതിനെ എതിർത്ത് ബഹുമാനപ്പെട്ട കോടതിയിൽ വസ്തുതാ റിപ്പോർട്ട് ഹാജരാക്കിയിട്ടുണ്ട്. പ്രസ്തുത പ്രസംഗത്തിന്റെ വീഡിയോ ക്ലിപ്പ് സഹിതം ബഹുമാനപ്പെട്ട കോടതിയിൽ ഹാജരാക്കിയിട്ടുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly